(4) കേരളത്തിലെ ചെറുകിട പ്രസിദ്ധീകരണ പ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, കേരളത്തിലെ ചെറുകിട പ്രസിദ്ധീകരണങ്ങളിലും മൂവായിരത്തിലേറെ വരുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളായ വാരികകൾ, ദ്വൈവാരികകൾ, ദ്വൈമാസികകൾ എന്നിവയിലുമായി ഏതാണ്ട് 25000-ത്തോളംപേർ പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. സർക്കാർ പരസ്യംപോലും ഇവർക്ക് നൽകുന്നില്ല. ചെറുകിട പത്രപ്രവർത്തകർക്ക് ഒരു ക്ഷേമപദ്ധതി ഏർപ്പെടുത്താനും ഇവർക്ക് സർക്കാർ പരസ്യങ്ങൾ നൽകുവാനും, സൗജന്യ യാത്രാ സൗകര്യം നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് പഴയ പത്രപ്രവർത്തകൻ കൂടിയായ ഇൻഫർമേഷൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഇപ്പോൾ പത്രപ്രവർത്തകർക്കും നോൺ ജേർണലിസ്റ്റുകൾക്കും പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. പത്രപ്രവർത്തകരുടെ പെൻഷൻ പദ്ധതിക്ക് ഇപ്പോൾ 38,53,200 രൂപ ആവശ്യമാണ്. നിലവിലുള്ള പെൻഷൻ പദ്ധതികൾ സുഗമമായി നടപ്പിലാക്കാൻ സർക്കാർ സാമ്പത്തികമായി ബുദ്ധിമുട്ടുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ 5000-ത്തോളം വരുന്ന ചെറുകിട പ്രസിദ്ധീകരണങ്ങളിലെ ആയിരക്കണക്കിന് പ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്താൻ സർക്കാരിന് സന്മനസ്സുണ്ടെങ്കിലും സാമ്പത്തിക സ്ഥിതിയില്ല. എന്നിരുന്നാലും ചെറുകിട പത്രങ്ങളുടെ പ്രാധാന്യവും സംഭാവനയും മനസ്സിലാക്കി അവരുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്ന് പഠിക്കുവാൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മുൻ ഡയറക്ടർ ശ്രീ. അശോകനെ കമ്മീഷനായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതു പരിശോധിച്ചുവരുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സാധ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയാണ്. സർക്കാർ പരസ്യം കൊടുക്കുന്ന കാര്യത്തിൽ ചെറുകിട പത്രങ്ങളെ അവഗണിച്ചിട്ടില്ല. അവർക്ക് അർഹമായ പരിഗണന നൽകുന്നതാണ്.

(5) ചിട്ടി കമ്പനികളിലെ ജീവനക്കാർക്ക് പുതിയ ചിട്ടി (അമെന്റ് മെന്റ്) ആക്ടുമൂലം തൊഴിൽ നഷ്ടപ്പെടുന്നതു സംബന്ധിച്ച്

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, കേരളത്തിലെ, പ്രത്യേകിച്ച് തൃശൂർ ജില്ലയിലെ ചിട്ടി കമ്പനികളിൽ ജോലി ചെയ്യുന്ന ഒരു ലക്ഷത്തോളം വരുന്ന ജോലിക്കാർക്ക് പുതിയ ചിട്ടി (ഭേദഗതി) നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ 1500-ളം പേർ ചിട്ടി കമ്പനികളിൽ ജോലി ചെയ്യുന്നവരുണ്ട്. അവരെ പലരേയും പിരിച്ചുവിട്ടു കൊണ്ടിരിക്കുകയാണ്. 2002 ജൂലായ് 29-ന് നിലവിൽ വന്ന ചിട്ടി (ഭേദഗതി) നിയമംമൂലം പുതിയ ചിട്ടികൾ തുടങ്ങാൻ സാധിക്കാത്തതിനാൽ നിലവിൽ നടന്നുപോകുന്ന ചിട്ടികൾ വട്ടമെത്തിക്കഴിഞ്ഞതോടെ ചിട്ടി കമ്പനികൾ അടയ്ക്കാൻ തുടങ്ങിയിരിക്കുന്നു. ചിട്ടി കമ്പനികളെ ബ്ലേഡ് കമ്പനികളുമായി

LIBRARY ARCHIVES Kerala Legislative Assembly